"ഭരണഭാഷ – മാതൃഭാഷ"

**(കേരള സംസ്ഥാനം)**

**വ്യാവസായിക പരിശീലന വകുപ്പ്**

**ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ,**

**പി എം ജി, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം : 695033,**

**ഇ മെയിൽ : cru.dttvpm@kerala.gov.in, ഫോൺ: 0471 2303856**

നമ്പർ: **DT/1997/2026-C1** തീയതി: **30-06-2026**

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - അഡ്മിഷൻ & അഫിലിയേഷൻ വിഭാഗം - ഐടിഐ പ്രവേശനം **2026** - ഓൺലൈൻ അപേക്ഷാ സമർപ്പണം - തീയതി ദീർഘിപ്പിച്ച് നൽകുന്നത്- സംബന്ധിച്ച്.

സൂചന :-

1. പ്രോസ്പെക്ടസ് **No.NCVT/01/2026** തീയതി **08/06/2026.**

2. പ്രോസ്പെക്ടസ് **No.SCVT/01/2026** തീയതി **08/06/2026.**

******************

സൂചന (1), (2) എന്നിവയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐകളിൽ **2026** വർഷത്തെ പ്രവേശനത്തിനുള്ള ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി **30/06/2026** ആയിരുന്നത് **06/07/2026** വരെ ദീർഘിപ്പിച്ചിട്ടുണ്ട്. പുതുക്കിയ അഡ്മിഷൻ ഷെഡ്യൂൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| **1** | ഓൺലൈൻ ആയി അപേക്ഷ സമർപ്പണം ആരംഭിച്ച തീയതി | **08.06.2026** |
| **2** | ഓൺലൈൻ അപേക്ഷകളുടെ വെരിഫിക്കേഷൻ ആരംഭിച്ച തീയതി | **15.06.2026** |
| **3** | ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി | **06.07.2026** |
| **4** | ഓൺലൈൻ അപേക്ഷകളുടെ വെരിഫിക്കേഷൻ അവസാനിക്കുന്ന തീയതി | **09.07.2026** |
| **5** | റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി | **13.07.2026** |
| **6** | അഡ്മിഷന് അർഹരായവരുടെ ഒന്നാം ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി | **14.07.2026** |

| | | |
|---|---|---|
| 7 | അഡ്മിഷൻ ആരംഭിക്കുന്ന തീയതി | **17.07.2026** |

അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ദീർഘിപ്പിച്ചിട്ടുള്ള വിവരം പ്രാദേശികതലത്തിൽ സാധ്യമായ എല്ലാ മാർഗ്ഗങ്ങളും ഉപയോഗപ്പെടുത്തിക്കൊണ്ടും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എസ്.സി/എസ്.ടി പ്രൊമോട്ടർമാർ, കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങിയവർ മുഖേനയും പരമാവധി ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കേണ്ടതാണ്.

ഇതിന് പുറമെ ജില്ലാ തലത്തിൽ എല്ലാ ദൃശ്യ, ശ്രവ്യ, പത്രമാധ്യമങ്ങളിൽക്കൂടിയും സമൂഹമാധ്യമങ്ങളിൽക്കൂടിയും അഡ്മിഷൻ സംബന്ധിച്ച വാർത്തകൾ നൽകേണ്ടതും, റെയിൽവെ സ്റ്റേഷനുകൾ, ബസ് സ്റ്റാന്റുകൾ ഉൾപ്പെടെയുള്ള പൊതു ഇടങ്ങളിൽ അഡ്മിഷൻ സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിനുള്ള/സ്ഥാപിക്കുന്നതിനുള്ള/ പ്രദർശിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതുമാണ്.

മേൽ പ്രവർത്തനങ്ങളുടെ പുരോഗതി എല്ലാ മേഖലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്-മാരും പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും ഇത് സംബന്ധിച്ച റിപ്പോർട്ട് ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്.

**അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

സ്വീകർത്താവ് : എല്ലാ ഐടിഐ/ബിറ്റിസി പ്രിൻസിപ്പാൾമാർ.

പകർപ്പ് :
1. ജോയിന്റ് ഡയറക്ടർ, മേഖല കേന്ദ്രം, കണ്ണൂർ
2. എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് ഉദ്യോഗസ്ഥർക്കും.
3. മാനേജർ, ഇ-ഗവേർണൻസ് (വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്)
4. സ്റ്റോക്ക് ഫയൽ (C1)

Digitally signed by
VASUDEVAN P
Date: 30-06-2026
15:44:04